"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റിയിലെ താൽക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്ററായ ശ്രീമതി.സ്വപ്ന.എസ്-ന്റെ നിയമനം - സ്പെഷ്യൽ ഓഫീസറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**1076/2024/AGRI** തീയതി, തിരുവനന്തപുരം, **18-11-2024**

പരാമർശം:- 1. സ.ഉ.(പി)നം.**28/2016**/ധന തീയതി **26.2.2016.**

2. സ.ഉ.(പി)നം.**56/2017**/ധന തീയതി **28.4.2017.**
3. സ.ഉ.(പി)നം.**112/2018**/ധന തീയതി **21.7.2018.**
4. സ.ഉ.(പി)നം.**81/2019**/ധന തീയതി **09.07.2019.**
5. സ.ഉ.(പി)നം.**29/2021**/ധന തീയതി **11.02.2021.**
6. സർക്കുലർ നം.**61/2022**/ധന തീയതി **22.07.2022.**
7. തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി സ്പെഷ്യൽ ഓഫീസറുടെ **17.04.2023**-ലെ എ.**03(14)/2023**/ടി.പി.കെ.ഡി.എ നമ്പർ നടപടിക്രമം.
8. തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി സ്പെഷ്യൽ ഓഫീസറുടെ **18.04.2023**-ലെ എ.**03(14)/2023**/ടി.പി.കെ.ഡി.എ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി ഓഫീസിൽ ദൈനംദിനകാര്യങ്ങൾ ചെയ്യുന്നതിന് ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം ഒഴിച്ചുകൂടാനാവാത്തതിനാൽ തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന നിയമന നടപടികൾ സ്വീകരിക്കുകയും, തൃശൂർ പൊന്നാനി കോൾ വികസന അതോറിറ്റി ഓഫീസിൽ വച്ച് തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ലഭ്യമാക്കിയ ഉദ്യോഗാർത്ഥികളുമായി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി.സ്വപ്ന.എസ് [W/o ഗോപാലകൃഷ്ണൻ, വടക്കേപുരയ്ക്കൽ ഹൗസ്, നെല്ലിക്കുന്ന്, കുറ, ജൂബിലി മിഷൻ.പി.ഒ, ഈസ്റ്റ് ഫോർട്ട്, തൃശൂർ-**680005**] എന്നയാളെ തിരഞ്ഞെടുത്ത് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ **179** ദിവസത്തേയ്ക്ക് പ്രതിമാസം **21,175**/-രൂപ (ഇരുപത്തൊന്നായിരത്തി ഒരുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) വേതനത്തിൽ താൽക്കാലികമായി നിയമിച്ച് പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത താൽക്കാലിക നിയമനത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം (8) പ്രകാരം സ്പെഷ്യൽ ഓഫീസർ കൂടിയായ തൃശ്ശൂർ ജില്ലാ കളക്ടർ അപേക്ഷിച്ചിരുന്നു.

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശൂർ-പൊന്നാനി കോൾ വികസന അതോറിറ്റിയിലെ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ശ്രീമതി.സ്വപ്ന.എസ് [W/o ഗോപാലകൃഷ്ണൻ, വടക്കേപുരയ്ക്കൽ ഹൗസ്, നെല്ലിക്കുന്ന്, കുറ, ജൂബിലി മിഷൻ.പി.ഒ, ഈസ്റ്റ് ഫോർട്ട്, തൃശൂർ-680005] എന്നയാളെ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 179 ദിവസത്തേയ്ക്ക് പ്രതിമാസം 21,175/-രൂപ (ഇരുപത്തിയൊന്നായിരത്തി ഒരുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) വേതനത്തിൽ താൽക്കാലികമായി നിയമിച്ച തൃശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി സ്പെഷ്യൽ ഓഫീസറായ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) മുതൽ (6) വരെയുള്ള ഉത്തരവുകളിലെയും സർക്കുലറിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 90 ദിവസത്തിലധികമായ എല്ലാ താൽക്കാലിക നിയമനത്തിനും സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ & സ്പെഷ്യൽ ഓഫീസർ, തൃശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി, ചെമ്പൂക്കാവ്.പി.ഒ, തൃശ്ശൂർ.
ശ്രീമതി.സ്വപ്ന.എസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ (താൽക്കാലിക നിയമനം), തൃശൂർ-പൊന്നാനി കോൾ വികസന അതോറിറ്റി, ചെമ്പൂക്കാവ്.പി.ഒ, തൃശൂർ. (സ്പെഷ്യൽ ഓഫീസർ, തൃശ്ശൂർ പൊന്നാനി കോൾ വികസന അതോറിറ്റി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-എ) വകുപ്പ് [11.11.2024-ലെ 2913390/അഗ്രി-എ2/150/2024-ധന പ്രകാരം]
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. [അഗ്രി-ഐ.എഫ്.എ2/124/2023-അഗ്രി]

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 18-11-2024 15:06:16
സെക്ഷൻ ഓഫീസർ